**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 399** **23-07-2021 - ൽ മറുപടിയ്ക്ക്**

**തരൂർ മണ്ഡലത്തിൽ ക്രാഫ്റ്റ് വില്ലേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് അവരുടെ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനും അവ വില്ക്കുന്നതിനുമായി തരൂർ മണ്ഡലത്തിൽ ഒരു ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ കരകൗശല മേഖലയിൽ ജോലി ചെയ്യുന്നവരും പരമ്പരാഗത തൊഴിൽ ചെയ്യുന്നവരുമായ ഒ. ബി. സി വിഭാഗ സംരംഭകർക്ക് അവരുടെ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന തിനും വിപണനത്തിനും ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിന് 17.72 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണമ്പ്ര വില്ലേജിൽ സർവ്വെ നമ്പർ 422, ബ്ലോക്ക് നമ്പർ 34 -ലുള്ള 5.21 ഏക്കർ സ്ഥലം വിട്ട് കിട്ടുന്നത് സംബന്ധിച്ച അപേക്ഷ കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി വിട്ടുകിട്ടിയതിനു ശേഷം മാത്രമേ കിഫ്ബിയുമായുള്ള കരാർ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ . |
| (ബി) | കണ്ണമ്പ്ര പഞ്ചായത്തിൽ 33 കോടി രൂപ വിനിയോഗിച്ച് പിന്നോക്ക വിഭാഗ കോർപ്പറേഷൻ നിർമ്മിക്കാൻ പോകുന്ന പ്രസ്തുത ക്രാഫ്റ്റ് വില്ലേജിന് അഞ്ചര ഏക്കർ ഭൂമി വിട്ട് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ കരകൗശല മേഖലയിൽ ജോലി ചെയ്യുന്നവരും പരമ്പരാഗത തൊഴിൽ ചെയ്യുന്നവരുമായ ഒ. ബി. സി വിഭാഗ സംരംഭകർക്ക് അവരുടെ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന തിനും വിപണനത്തിനും ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിന് 17.72 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണമ്പ്ര വില്ലേജിൽ സർവ്വെ നമ്പർ 422, ബ്ലോക്ക് നമ്പർ 34 -ലുള്ള 5.21 ഏക്കർ സ്ഥലം വിട്ട് കിട്ടുന്നത് സംബന്ധിച്ച അപേക്ഷ കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി വിട്ടുകിട്ടിയതിനു ശേഷം മാത്രമേ കിഫ്ബിയുമായുള്ള കരാർ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ . |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (സി) | ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള നിർദിഷ്ട ഭൂമി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പേരിൽ മാറ്റി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ . |

സെക്ഷൻ ഓഫീസർ